(ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) പ്രതികൾ ഒളിവിൽ പോയിട്ടുള്ളതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി തുടരുന്നു.

അഴിമതിക്കാരായ പോലീസുദ്യോഗസ്ഥരുടെ പട്ടിക

35 [36] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പോലീസ് സേനയ്ക്ക് നിഷ്പക്ഷമായി പ്രവർത്തിക്കുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെന്ന് ആരോപിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ച് അത്തരം ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം നിരീക്ഷണങ്ങൾ രഹസ്യസ്വഭാവമുള്ളതായതിനാൽ അഴിമതിക്കാരാണെന്നു സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(സി) കേരള പോലീസ് സേന നിഷ്പക്ഷവും നിയമാനുസൃതവുമായാണ് പ്രവർത്തി ച്ചുവരുന്നത്. നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് സേനയെ സജ്ജമാക്കുന്നതരത്തിലുള്ള പരിശീലന പരിപാടികൾ സേനാംഗങ്ങൾക്ക് നിരന്തരം നൽകിവരുന്നതിനോടൊപ്പംതന്നെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയുടെ നിഷ്പക്ഷമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ട കർശനമായ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. യാതൊരു ബാഹ്യഇടപെടലുകളും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ കാര്യങ്ങളിലും പ്രവർത്തനത്തിലും ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിച്ചുകൊണ്ട് നിഷ്പക്ഷമായ രീതിയിൽ ജോലി ചെയ്യുവാൻ പോലീസ് സേനാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും തെറ്റായ പ്രവർത്തനങ്ങൾ ഉള്ളവരെ മാതൃകാപരമായ രീതിയിൽ ശിക്ഷിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു ക്രമീകരണമാണ് സേനയിൽ ഏർപ്പെടുത്തിയിരിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly